**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3892** **03-03-2023 - ൽ മറുപടിയ്ക്ക്**

**ക്ലോസ്ഡ് എ.ആർ. വിഭാഗത്തിൽ ജോലി ചെയ്യുന്ന അംഗങ്ങൾക്ക് എച്ച്.ആർ.എ. അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിൽ ക്ലോസ്ഡ് എ.ആർ. വിഭാഗത്തിൽ ജോലി ചെയ്യുന്ന എത്ര അംഗങ്ങളുണ്ടെന്ന് അറിയിക്കാമോ; | (എ) | കേരള പോലീസിൽ ക്ലോസ്ഡ് എ.ആർ ഗണത്തിൽ പെടുന്ന 1498 അംഗങ്ങൾ നിലവിലുണ്ട്. |
| (ബി) | ഇരുപത്തിനാല് മണിക്കൂറും ജോലി ചെയ്യുന്ന സേനാംഗങ്ങൾക്ക് വിശ്രമിക്കുവാനായി നിർമ്മിച്ചിട്ടുള്ള ബാരക്കുകൾ ഫാമിലി ക്വാർട്ടേഴ്സിന് പകരമാണെന്ന നിലപാട് സർക്കാരിനുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | 10.02.2021-ലെ സ.ഉ (പി)നം.27/2021/ധന പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ ആംഡ് പോലീസ് ബറ്റാലിയനിലെയും, ആംഡ് റിസർവ്വിലെയും ഉദ്യോഗസ്ഥർക്ക് എച്ച്.ആർ.എ-യ്ക്ക് പകരം ബാരക്ക് അലവൻസാണ് അനുവദിച്ചിട്ടുള്ളത്. ബാരക്അലവൻസിന്റെ പരിധിയിൽ വരുന്നവർക്ക് എച്ച്.ആർ.എ-ക്ക് അർഹതയില്ലെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഫാമിലി ക്വാർട്ടേഴ്സ് ലഭിക്കാത്ത പോലീസ് സേനാംഗങ്ങൾക്ക് വീട്ടുവാടകബത്ത അനുവദിയ്ക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | എങ്കിൽ ഫാമിലി ക്വാർട്ടേഴ്സ് ലഭ്യമല്ലാത്ത ക്ലോസ്ഡ് എ.ആർ. വിഭാഗത്തിലെ സേനാംഗങ്ങൾക്ക് ലഭിച്ചിരുന്ന വീട്ടുവാടകബത്ത നിർത്തലാക്കിയത് പുന:സ്ഥാപിക്കുന്നതിനും ക്വാർട്ടേഴ്സ് ലഭിക്കാത്ത മുഴുവൻ സർക്കാർ ജീവനക്കാർക്കും വിവേചനരഹിതമായി എച്ച്.ആർ.എ. അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | 10.02.2021-ലെ സ.ഉ (പി)നം.27/2021/ധന പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ ആംഡ് പോലീസ് ബറ്റാലിയനിലെയും, ആംഡ് റിസർവ്വിലെയും ഉദ്യോഗസ്ഥർക്ക് എച്ച്.ആർ.എ-യ്ക്ക് പകരം ബാരക്ക് അലവൻസാണ് അനുവദിച്ചിട്ടുള്ളത്. ബാരക്അലവൻസിന്റെ പരിധിയിൽ വരുന്നവർക്ക് എച്ച്.ആർ.എ-ക്ക് അർഹതയില്ലെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഫാമിലി ക്വാർട്ടേഴ്സ് ലഭിക്കാത്ത പോലീസ് സേനാംഗങ്ങൾക്ക് വീട്ടുവാടകബത്ത അനുവദിയ്ക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ